(2) തൊഴിൽ ബാധിക്കുന്നവർ:

ഉറമുഖവികസനംമൂലം പദ്ധതി പ്രദേശത്തെ തൊഴിൽ ബാധിക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ Livelihood Impact Appraisal കമ്മിറ്റിയും (LIAC) അതിന്മേൽ ഉയരുന്ന പരാതികൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്മേൽ 18800-ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു. LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി നഷ്ടപരിഹാരവും പുനരധിവാസവും ഉടനെ നൽകുവാനാണ് ലക്ഷ്യമിടുന്നത്.

കൂടാതെ വിഴിഞ്ഞം ഉറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

പൊന്നാനി മണ്ഡലത്തിലെ പദ്ധതികൾ

139 (1880) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊന്നാനി മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിൽ നിന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഈ പദ്ധതികളെല്ലാം ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് പറയാമോ;

(ഡി) എത്ര എണ്ണം പൂർത്തീകരിച്ചു എന്ന് വിശദമാക്കുമോ; അവ ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം, മത്സ്യത്തൊഴിലാളി കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, സമ്പാദ്യ ആശ്വാസ പദ്ധതി എന്നിവ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിവരുന്നു.

തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

സമഗ്ര തീരദേശ വികസന പദ്ധതി 2008-09

കടവനാട് കടിവെള്ള പദ്ധതി	-	21.60 ലക്ഷം രൂപ
മട്ടുമ്മൽ അരപ്പ കുടിവെള്ള പദ്ധതി	-	50.76 ലക്ഷം രൂപ
പൊന്നാനി കുടിവെള്ള പദ്ധതി	-	37.80 ലക്ഷം രൂപ

തീരദേശ സാമൂഹ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി 2013-14

പൊന്നാനി താലൂക്ക് ഹോസ്പിറ്റലിന് ഐ.പി. ബ്ലോക്ക് നിർമ്മാണം	-	200.00 ലക്ഷം രൂപ

നബാർഡിന്റെ സാമൂഹ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചെ 19

പൊന്നാനി ഫിഷറീസ് സ്റ്റേഷൻ നിർമ്മാണം - 50.00 ലക്ഷം രൂപ

മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും 2015-16

പുതിയ ബ്ലോക്ക് ജി.എച്ച്.എസ്.എസ്. പാലപ്പെട്ടി -166.00 ലക്ഷം രൂപ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊന്നാനി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ പുനരുദ്ധാരണം, പൊന്നാനി ഫിഷിംഗ് ഹാർബർ പ്രോജക്ടിലെ പ്രവൃത്തികൾ, പൊന്നാനി ഫിഷിംഗ് ഹാർബറിലെ മെയിന്റനൻസ് പ്രവൃത്തികൾ, പൊന്നാനി ഫിഷിംഗ് ഹാർബറിൽ ചിൽഡ് സ്റ്റോറേജ് സൗകര്യം എന്നീ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം എന്നീ പദ്ധതികൾ പ്രകാരം മലപ്പുറം ജില്ലയ്ക്ക് അനുവദിക്കുന്ന യൂണിറ്റുകൾക്കനുസൃതമായാണ് തുക വകയിരുത്തുന്നത്. ഇതിൽനിന്ന് പൊന്നാനി നിയോജക മണ്ഡലത്തിൽ ഈ കാലയളവിൽ ചെലവാക്കിയ തുകയുടെ വിവരങ്ങൾ താഴെചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതി	ചെലവാക്കിയ തുക
1	ഭവന നിർമ്മാണം	6,88,00,000
2	ഭവന പുനരുദ്ധാരണം	1,43,00,000
3	സാനിറ്റേഷൻ	62,47,500
4	ലംപ്സംഗ്രാന്റ്	1,82,36,000
5	മത്സ്യസമൃദ്ധി I & II	30,18,591
6	സമ്പാദ്യ ആശ്വാസ പദ്ധതി	8,12,78,000

തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ

കടവനാട് കുടിവെള്ള പദ്ധതി - 21.60 ലക്ഷം രൂപ

മട്ടമ്മൽ അരപ്പ കുടിവെള്ള പദ്ധതി - 50.76 ലക്ഷം രൂപ

പൊന്നാനി കുടിവെള്ള പദ്ധതി - 37.80 ലക്ഷം രൂപ

പൊന്നാനി താലൂക്ക് ഹോസ്പിറ്റലിന്

ഐ.പി. ബ്ലോക്ക് നിർമ്മാണം - 200.00 ലക്ഷം രൂപ

പൊന്നാനി ഫിഷറീസ് സ്റ്റേഷൻ നിർമ്മാണം - 50.00 ലക്ഷം രൂപ

പുതിയ ബ്ലോക്ക് ജി.എച്ച്.എസ്.എസ്. പാലപ്പെട്ടി -166.00 ലക്ഷം രൂപ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

തീരദേശ റോഡുകളുടെ പുനരുദ്ധാരണം	221.10 ലക്ഷം
പൊന്നാനി ഫിഷിംഗ് ഹാർബർ പ്രോജക്ടിലെ പ്രവൃത്തികൾ	152.50 ലക്ഷം
പൊന്നാനി ഫിഷിംഗ് ഹാർബറിലെ മെയിന്റനൻസ് പ്രവൃത്തികൾ	53.42 ലക്ഷം
പൊന്നാനി ഫിഷിംഗ് ഹാർബറിൽ ചിൽഡ് സ്റ്റോറേജ് സൗകര്യം	313.00 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഭവന നിർമ്മാണം, ഭവന നവീകരണം, ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു.

തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികളിൽ കടവനാട് കുടിവെള്ള പദ്ധതി, പൊന്നാനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചു. മറ്റുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

മട്ടുമ്മൽ അരപ്പ കുടിവെള്ള പദ്ധതി - പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

പൊന്നാനി താലൂക്ക് ഹോസ്പിറ്റലിന് ഐ.പി. ബ്ലോക്ക് നിർമ്മാണം-നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടി പൂർത്തീകരിച്ചു നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

പൊന്നാനി ഫിഷറീസ് സ്റ്റേഷൻ നിർമ്മാണം-കോൺട്രാക്ടറുമായി കരാർ ഒപ്പുവച്ചു. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

പുതിയ ബ്ലോക്ക് ജി.എച്ച്.എസ്.എസ്. പാലപ്പെട്ടി-പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ 14 തീരദേശ റോഡുകളിൽ 12 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പൊന്നാനി ഫിഷിംഗ് ഹാർബർ പ്രോജക്ടിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

പൊന്നാനി ഹാർബർ പ്രോജക്ടിലെ മെയിന്റനൻസ് പ്രവൃത്തികളിൽ ഫിഷ് സ്റ്റോറേജ് ഷെഡിന്റെ പാർട്ടീഷൻ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

പൊന്നാനി ഫിഷിംഗ് ഹാർബറിൽ ചിൽഡ് സ്റ്റോറേജ് സൗകര്യത്തിനായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ഡി) മത്സ്യസമൃദ്ധി II, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, സാനിറ്റേഷൻ, സമ്പാദ്യ ആശ്വാസ പദ്ധതി, ലംപ്സംഗ്രാന്റ് എന്നീ പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. മത്സ്യ സമൃദ്ധി I പൂർത്തീകരിച്ചു. തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളിൽ പൊന്നാനി, കടവനാട് എന്നീ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly